ഹയർസെക്കണ്ടറി സ്കൂളുകളിൽനിന്നും ആവശ്യമുള്ള പാഠപുസ്തകങ്ങളുടെ ഇൻഡന്റ് ഓൺ-ലൈൻ വഴി സി-ആപ്റ്റിന് നൽകുകയും അതുപ്രകാരം സി-ആപ്റ്റിന് പാഠപുസ്തകങ്ങൾ അച്ചടിച്ച് ടി സ്കൂളുകൾക്ക് വിതരണം നടത്തുകയും ചെയ്തുവരുന്നു. ഈ വർഷത്തെ ഇൻഡന്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആക്ഷേപങ്ങൾ വിലയിരുത്തിയിട്ടുണ്ട്. അടുത്ത വർഷം ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ ഉണ്ടാകാതിരിക്കാൻ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്.

(ഡി) പാഠപുസ്തകങ്ങൾക്കുള്ള പ്രിന്റ് ഓർഡർ യഥാസമയം നൽകിയതനുസരിച്ച് കെ.ബി.പി.എസ്.-ൽ അച്ചടി ഇടർന്നുവരുന്നു. അച്ചടിക്കുന്ന പുസ്തകങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിനായി പോസ്റ്റൽ വകുപ്പിനെ ചുതമലഒപ്പടുത്തിയിട്ടുണ്ട്. 2015-16 അദ്ധ്യയന വർഷത്തേയ്ക്കുള്ള ഹയർ സെക്കണ്ടറി ഒന്നാംവർഷം പാഠപുസ്തകങ്ങളുടെ റീപ്രിന്റിംഗും, പുതുതായി നടപ്പിൽ വരുത്തുന്ന രണ്ടാംവർഷം പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും നടത്തുന്നതിന് സി-ആപ്റ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും 2015 മേയ് 15-ാം തീയതിക്കകം പൂർത്തിയാക്കണമെന്നാണ് സി-ആപ്റ്റിനോട് നിർദ്ദേശിച്ചിട്ടുള്ളത്. സ്കൂളുകളിലേക്കാവശ്യമായ പാഠപുസ്തകങ്ങൾ അറിയിക്കുന്നതിനുള്ള, ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരുടെ ഓൺ-ലൈൻ ഇൻഡന്റിംഗ്, മാർച്ച് 9-ാം തീയതി ആരംഭിക്കുന്നതിനുവേണ്ട നടപടികൾ IT@School സ്വീകരിച്ചിട്ടുണ്ട്. സ്കൂളുകളിൽ നിന്നുമുള്ള ഇൻഡന്റ് കഴിഞ്ഞ വർഷങ്ങളിൽ നൽകിയതിലുണ്ടായ കാലതാമസം ഒഴിവാക്കി യഥാസമയം നൽകാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

**സൗജന്യമായി യൂണിഫോം വിതരണം**

76 (1112) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എല്ലാ കുട്ടികൾക്കും യൂണിഫോം വിതരണം എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) സർക്കാർ സ്കൂളുകളിലെ എ.പി.എൽ. വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം വിതരണം നടത്തുന്നുണ്ട്. എന്നാൽ എയ്ഡഡ് മേഖലയിൽ പഠിക്കുന്ന ഇതേ കാറ്റഗറിയിൽപ്പെട്ട പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം എം.എച്ച്.ആർ.ഡി. മാനദണ്ഡം അനുസരിച്ച് ലഭിക്കുന്നതല്ല. വിവേചനപരമായ ഈ സ്ഥിതിക്ക് പരിഹാരമുണ്ടാക്കുന്നതിനാണ് സംസ്ഥാനത്തെ എയ്ഡഡ് മേഖലയിലെ വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം ലഭ്യമാക്കാൻ 4-9-2014-ലെ സ.ഉ.(കൈ) 183/2014/ പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. പുതിയതായി എയ്ഡഡ് സ്കൂളുകളിൽ ചേരുന്ന കുട്ടികൾക്ക് മാത്രം യൂണിഫോമിന്റെ തുകയായ 400 രൂപ ക്രമത്തിൽ വിതരണം ചെയ്യുന്നതിനാണ് ഉത്തരവ് നൽകിയിട്ടുള്ളത്.

(ബി) നിർദ്ധനരായ കുട്ടികൾക്കും മറ്റ് കുട്ടികളോടൊപ്പം യൂണിഫോം അണിഞ്ഞ് എല്ലാ ദിവസവും സ്കൂളിൽ എത്താൻ അവസരമൊരുക്കുന്നതുകൂടാതെ വിദ്യാഭ്യാസ ഗുണനിലവാരവും ഉറപ്പുവരുത്തുന്നു.

(സി&ഡി) 4-9-2014-ലെ സ.ഉ.(കൈ) 183/2014/പൊ.വി.വ. പ്രകാരം പുതിയതായി എയ്ഡഡ് സ്കൂളുകളിൽ ചേരുന്ന കുട്ടികൾക്ക് മാത്രം യൂണിഫോമിന്റെ തുകയായ 400 രൂപ ക്രമത്തിൽ വിതരണം ചെയ്യുന്നതിനാണ് ഉത്തരവ് നൽകിയിട്ടുള്ളത്. തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കക്കയം ജി.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം**

77 (1113) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കക്കയം ജലവൈദ്യുത പദ്ധതി പ്രദേശത്തെ ഗവൺമെന്റ് എൽ.പി. സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly